LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.യു.ഡി.പി.-യുടെ കീഴിൽ നടന്നുവരുന്ന ഓടയുടെ നിർമ്മാണവും യാർഡ് ലെവലിംഗും യാർഡ് പേവിംഗും പൂർത്തിയാകുമ്പോൾ തമ്പാനൂരിലെ യാത്രാ ക്ലേശത്തിനും പാർക്കിംഗ് പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമാകും. ഇതിലൂടെ പരിസര ശുചിത്വവും സാദ്ധ്യമാകും. ടെർമിനലിലെ ഷോപ്പിംഗ് മാളിലെ കടകൾ പ്രവർത്തന സജ്ജമാകുന്നതോടെ ഇവിടം ഒരു നല്ല ഷോപ്പിംഗ് സെന്റർ ആവുകയും ചെയ്യും. കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കൊപ്പം സ്വകാര്യ ബസ്സുകളുടെയും സർവ്വീസ് കേന്ദ്രമാണ്. ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ സജ്ജീകരിക്കുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ശേഷി ഇല്ലാത്തതാണ്. ടിഡ പ്രപകൽപ്പന ചെയ്തിട്ടുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മാണം നടപ്പിലാക്കുന്നതോടെ കിഴക്കേകോട്ടയിലെ ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. ബസ് ഡിപ്പോയും പരിസരങ്ങളും വൃത്തിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചാൽ അവ പരിശോധിച്ച് ഉചിതമെങ്കിൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണെന്ന് ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്.

സമയബന്ധിതമായി പൂർത്തിയാക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ

307 (1015) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സംസ്ഥാനത്തെ ഏതെങ്കിലും ടൂറിസം പദ്ധതി, കാലാവധിയ്ക്കകം പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ പേരിൽ റദ്ദാക്കി പണം തിരികെ അടച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണ് പണം കേന്ദ്രത്തിന് തിരികെ അടച്ചതെന്ന വിശദമാക്കാമോ ;

(സി) പണം തിരികെ അടയ്ക്കാൻ തീരുമാനിച്ച പദ്ധതികൾ കേന്ദ്രം അനുവദിച്ചിരുന്നത് ഏത് തീയതികളിലായിരുന്നുവെന്ന് അറിയിക്കുമോ ;

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം സമയബന്ധിതമായി ടൂറിസം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിശദ വിവരം താഴെ കൊടുക്കുന്നു :

പദ്ധതി	കേന്ദ്രത്തിന് തിരിച്ചടച്ച തുക	കേന്ദ്രം അനുവദിച്ച തീയതി
Development of Munnar site, a Tourist Destination	₹ 3,90,81,000	29-6-2011
Neriya Mangalam into Tourist Destination	₹ 2,38,70,000	26-9-2011
Peruvannamoozhi & Kakkayam Dam, Kozhikode	₹ 4,00,00,000	8-12-2011
Development of Karapuzha Dam site & Surroundings to a major destination	₹ 1,93,62,000-	8-12-2011

(ഡി&ഇ) കേന്ദ്ര നിർദ്ദേശാനുസരണം സമയബന്ധിതമായി ടൂറിസം പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച വരാനുണ്ടായ പ്രധാന കാരണങ്ങൾ പദ്ധതി നിർവ്വഹണത്തിലെ കാലതാമസവും പ്രാദേശികവും പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. കേരളത്തിലെ പ്രത്യേക കാലാവസ്ഥ വ്യതിയാനവും തുടർച്ചയായി ഉണ്ടാകുന്ന കാലവർഷവും കാരണം കേന്ദ്രം നൽകുന്ന സമയപരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പിലാക്കുമ്പോൾ ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരുന്നതും പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ പാലിച്ച് കേന്ദ്ര ഫണ്ട് തിരികെ അടയ്ക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം പദ്ധതികൾ നഷ്ടപ്പെടാനും ലഭിച്ച തുക തിരിച്ച് നൽകാനും ഇടയാക്കുമെന്നതിനെക്കുറിച്ച് അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും അത് പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും ചെയ്യാറുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടിക്കിട്ടുന്നതിനു വേണ്ടി കേന്ദ്ര ടൂറിസം വകപ്പിന് അപേക്ഷ നൽകിയിട്ടും സമയ പരിധി നീട്ടിക്കിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്.

വിനോദസഞ്ചാര സീസണിൽ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ മുന്നൊരുക്കം സ്വീകരിക്കാൻ നടപടി

308 (1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര സീസൺ ആരംഭിച്ചിട്ടും പല ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമായ മുന്നൊരുക്കം നടത്താൻ കഴിഞ്ഞില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികളും ഇതുവരെ ആരംഭിക്കാൻ കഴിയാതിരുന്നതും പല പദ്ധതികളും ഇടയ്ക്ക് മുടങ്ങിയതും പല പദ്ധതികളും അഴിമതിയിൽപ്പെട്ടതും ടൂറിസം വികസനത്തിനു തിരിച്ചടിയായത് പരിശോധിക്കുമോ ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പദ്ധതികൾ പ്രഖ്യാപിച്ചെന്നും അതിൽ എത്ര പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 179 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. അവയിൽ 10 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly